ആഡംബര വിവാഹങ്ങളും അനാവശ്യ ധൂർത്തും

303 (3590) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഡംബര വിവാഹങ്ങളും അനാവശ്യധൂർത്തും നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ കാര്യത്തിൽ സാമുദായിക-സാമൂഹ്യ സാംസ്കാരിക-രാഷ്ട്രീയ സംഘടനകളുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(സി) ഇത്തരത്തിലുള്ള ചടങ്ങുകൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) ലളിതമായ വിവാഹ ചടങ്ങുകൾ നടത്തുന്നതിന് ഏതെങ്കിലും സംഘടനകൾ മുന്നോട്ടുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വിവാഹങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം നടത്തുന്നതിന് വേണ്ടി ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായി സാമൂഹ്യനീതി ഡയറക്ടറേയും 3 മേഖലകളിലായി 3 ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരേയും നിയമിച്ചിട്ടുണ്ട്.

ആർഭാട വിവാഹങ്ങളും വിവാഹത്തോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണെങ്കിലും ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമായതിനാലും പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ടും പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാം വിധമല്ലാതെയായാൽ, അങ്ങനെയുള്ള ഏതു നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹ ധൂർത്തിനെതിരെ നിയമ നിർമ്മാണം നടത്തുന്നതിനുമുൻപ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയുമാണ് ആദ്യം വേണ്ടത് എന്നതിനാൽ മത മേലദ്ധ്യക്ഷൻമാരുമായും, രാഷ്ട്രീയ കക്ഷികളുമായും സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാനും സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന നിരോധന ദിനാചരണം ആചരിച്ചുവരുന്നുണ്ട്. അതിനോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും നടത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള വനിതാ കമ്മീഷൻ നടത്തുന്ന കലാലയജ്യോതി, വിവാഹപൂർവ്വ കൗൺസിലിംഗ്, സെമിനാറുകൾ തുടങ്ങിയവയിൽ ആഡംബര രഹിത വിവാഹം ഒരു വിഷയമായി ചർച്ച ചെയ്യാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ അംഗൻവാടികൾ

304 (3591) ശ്രീ. ഇ. കെ. വിജയൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അംഗൻവാടികൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും എവിടെയൊക്കെയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) പുതുതായി അംഗൻവാടി അനുവദിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 329 അങ്കണവാടികൾ അനുവദിക്കുന്നതിനായി അങ്കണവാടി ഓൺ ഡിമാന്റിൽ കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 203 അങ്കണവാടികൾ പുതുതായി ആരംഭിക്കുവാൻ അനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ആയത് ജില്ലകൾക്ക് വിഭജിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പുതുതായി 37 അങ്കണവാടികൾ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണയിലുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

മാതൃക അംഗൻവാടികൾ

305 (3592) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മാതൃകാ അംഗൻവാടികൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ ? ഇവയുടെ പ്രവർത്തനം വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly